8289
13/7/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വയോജനങ്ങളുടെ ആരോഗ്യപരിരക്ഷ പഠനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

================================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.404/2015/സാനീവ. തീയതി, തിരുവനന്തപുരം, 25.06.2015

================================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.04.2015 ലെ ജി3/12170/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് കേരളത്തിലെ 60 വയസ്സിനു മേൽ പ്രായമുള്ള വയോജനങ്ങളെക്കുറിച്ച് അവരുടെ Health care services, Health seeking behaviour and Health status എന്നിവയെക്കുറിച്ച് പഠിക്കുന്നതിനുള്ള പ്രൊജക്ട് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും, പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കുന്നതിനായി 2235-60-200-83(പി) ശീർഷകത്തിൽ നിന്നും 8,10,750/- രൂപ അനുവദിക്കണമെന്നും പരാമർശകത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കേരളത്തിലെ 60 വയസ്സിനുമേൽ പ്രായമുള്ളവരുടെ ആരോഗ്യപ്രശ്നങ്ങൾ പഠിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് സമർപ്പിച്ചിരുന്ന A study of the 60 + of Kerala എന്ന പ്രൊജക്ട് 60 വയസ്സിനു മുകളിലും 80 വയസ്സിനുമുകളിലും പ്രായമുള്ളവരുടെ സംയുക്ത പഠനം നടത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, പ്രസ്തുത പഠനം നടത്തുന്നതിന് 2015-16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കായുള്ള സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിലെ 2235-60-200-83 (പി) ശീർഷകത്തിൽ നിന്നും 8,10,750/- (എട്ട് ലക്ഷത്തി പതിനായിരത്തി എഴുന്നൂറ്റമ്പത് രൂപ മാത്രം) അനുവദിച്ചും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ചെയർമാൻ, സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ്, കൊളംമ്പിയ വില്ല, കേശവദാസപുരം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
✓വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

02